**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1825** **31-08-2022 - ൽ മറുപടിയ്ക്ക്**

**കോന്നി കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കോന്നി കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് എന്ന് പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; നിലവിലെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; | (എ) | **2013-14 നിയോജക മണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച മൂന്ന് കോടി രൂപ ഉപയോഗിച്ച് കോന്നി ബസ് സ്റ്റേഷൻ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ചില ഫിനിഷിംഗ് ജോലികൾ ഒഴികെ പൂർത്തിയായിട്ടുണ്ട്. ഗ്യാരേജിന്റെ ഫിനിഷിംഗ് ജോലികൾ, വൈദ്യുതികരണം ഒഴികെയുള്ള പ്രവൃത്തികൾ പൂർത്തിയായി. യാർഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി KSRTC യുടെ Project Management Consultancy ആയ M/s. HLL Lifecare Ltdന് പ്രവൃത്തി ചെയ്യുന്നതിന് 06/5/2021 തീയതിയായി 1,45,30,893/- രൂപയുടെ ഭരണാനുമതി നൽകി നിലവിൽ യാർഡിന്റെ പ്രവൃത്തികൾ പുരോഗമിച്ചുവരുകയാണ്. യാർഡ് രൂപീകരണം, യാർഡ് കോൺക്രീറ്റ്-ന് മുൻപുള്ള അടിസ്ഥാന പ്രവർത്തനങ്ങൾ (metaling), Drainage തുടങ്ങിയ പ്രവൃത്തികൾ പൂർത്തിയായി വരുന്നു. ബസ് സ്റ്റേഷന് ഉള്ളിലേയ്ക്ക് കയറുന്ന റോഡിന്റെ retaining wall നിർമ്മാണ പ്രവൃത്തി പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. 17/06/2022- ന് കോന്നി യാർഡ് നിർമ്മാണ പ്രവർത്തനം സംബന്ധിച്ച് ബഹു. എം.എൽ. എ.യുടെ അധ്യക്ഷതയിൽ KSRTC ഉദ്യോഗസ്ഥർ, നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്ന പ്രോജക്റ്റ് മാനേജ്മെന്റ് കൺസൽട്ടന്റ് ആയ M/s. HLL Lifecare Ltd.ന്റെ ഉദ്യോഗസ്ഥർ എന്നിവരുമായി യോഗം ചേരുകയും എം.എൽ.എ പ്രവൃത്തികൾ സംബന്ധിച്ച് നൽകിയ നിർദ്ദേശങ്ങൾ കൂടി പരിശോധിച്ച് തുടർ നടപടികൾ സ്വീകരിച്ചു വരികയുമാണ്. നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.** |
| (ബി) | കോന്നി ഓപ്പറേറ്റിംഗ് സ്റ്റേഷനിൽ കോവിഡിന് മുമ്പ് | (ബി) | കോന്നി ഓപ്പറേറ്റിംഗ് സ്റ്റേഷനിൽ കോവിഡിന് മുമ്പ് |

| | | | |
|---|---|---|---|
| | എത്ര ബസ് സർവീസുകൾ ഉണ്ടായിരുന്നുവെന്ന് വെളിപ്പെടുത്താമോ; | | 17 ബസ് സർവീസുകൾ ഓപ്പറേറ്റ് ചെയ്തിരുന്നു. |
| (സി) | നിലവിൽ പ്രസ്തുത ഓപ്പറേറ്റിംഗ് സ്റ്റേഷനിൽ എത്ര ബസ് സർവീസുകളും ജീവനക്കാരും ഉണ്ടെന്ന് അറിയിക്കാമോ; | (സി) | 9 ബസ് സർവീസുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്.<br>നിലവിൽ പ്രസ്തുത ഓപ്പറേറ്റിംഗ് സെന്ററിൽ 44 ജീവനക്കാരുണ്ട്. തസ്തിക തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.<br>കണ്ടക്ടർ - 19,<br>ഡ്രൈവർ - 20,<br>ഇൻസ്പെക്ടർ - 1,<br>സ്റ്റേഷൻമാസ്റ്റർ - 1,<br>ചാർജ്ജ്മാൻ - 1,<br>ജൂനിയർഅസിസ്റ്റന്റ് - 1,<br>സെക്യൂരിറ്റി ഗാർഡ് - 1. |
| (ഡി) | പ്രസ്തുത ഓപ്പറേറ്റിംഗ് സ്റ്റേഷനിൽ നിന്നും നിലവിലുണ്ടായിരുന്ന ബസ് സർവീസുകൾ എന്നത്തേക്ക് പുനരാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (ഡി) | നിർത്തലാക്കിയ സർവ്വീസുകളുടെ ലാഭകരമായതും ജനങ്ങൾക്ക് ഉപകാരപ്രദമായ ട്രിപ്പുകൾ പുനക്രമീകരിച്ച് മറ്റ് സർവ്വീസുകളിൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്. നഷ്ടത്തിൽ ഓടിയിരുന്നതും ഡീസൽ ചെലവിനുള്ള തുക പോലും ലഭ്യമാകാത്തതും പ്രവർത്തന ചെലവ് പോലും ലഭിക്കാത്ത സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് നിലവിലെ സാമ്പത്തിക സ്ഥിതിയിൽ കഴിയാത്തതിനാൽ അത്തരം സർവ്വീസുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തി ഓപ്പറേറ്റ് ചെയ്യുന്നതിനും ജനോപകാരപ്രദമായി ആരംഭിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഡീസൽ തുക മാത്രം ലഭ്യമാക്കിയാൽ എത്രയും വേഗം ആരംഭിക്കുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ